# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:989 — 05.03.2018-ൽ മറുപടിക്ക്

## എസ്.എസ്.എയുടെ പ്രവർത്തനം

**ചോദ്യം**

**ശ്രീ. ടി. എ. അഹമ്മദ്കബീർ**

**ഉത്തരം**

പ്രൊഫ സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| എ) കേന്ദ്ര വിഹിതം ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എസ്.എസ്.എ.യുടെ പ്രവർത്തനം അവതാളത്തിലായി എന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) കേന്ദ്രവിഹിതം ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എസ്.എസ്.എ.യുടെ എല്ലാ പ്രവർത്തനങ്ങളും അവതാളത്തിലായിട്ടില്ല. 2017-18 സാമ്പത്തികവർഷത്തിൽ കേന്ദ്രസർക്കാർ 564.73 കോടി രൂപയുടെ പദ്ധതിയാണ് അംഗീകരിച്ചിരുന്നത്. തുടർന്നുള്ള കേന്ദ്ര ബഡ്ജറ്റിൽ എസ്.എസ്.എ.യ്ക്കായി മാറ്റിവച്ച തുകയിൽ അതിനുമുൻവർഷത്തെക്കാൾ കുറവുണ്ടായതിനാൽ ആനുപാതികമായി എല്ലാ സംസ്ഥാനങ്ങൾക്കും കിട്ടേണ്ട കേന്ദ്രവിഹിതത്തിൽ കുറവുണ്ടായി. ഇതനുസരിച്ച് കേരളത്തിനും കിട്ടേണ്ടിയിരുന്ന വിഹിതത്തിൽ 202.05 കോടി രൂപ (ഇരുന്നൂറ്റി രണ്ട് കോടി അഞ്ച് ലക്ഷം രൂപ ) യുടെ കുറവ് കേന്ദ്രസർക്കാർ വരുത്തി. കേരളത്തിന് കേന്ദ്രത്തിൽ നിന്നും കിട്ടേണ്ടിയിരുന്ന 338.84 കോടി രൂപ (മുന്നൂറ്റി മുപ്പത്തിയെട്ട് കോടി എൺപത്തിനാല് ലക്ഷം രൂപ ) യ്ക്കു പകരം അനുവദിച്ച വിഹിതം 136.79 കോടി രൂപ (നൂറ്റി മുപ്പത്തിയാറ് കോടി എഴുപത്തി ഒൻപത് ലക്ഷം രൂപ ) മാത്രമായിരുന്നു. സംസ്ഥാന സർക്കാർ വിഹിതമായി 126.35 കോടി രൂപ (നൂറ്റി ഇരുപത്തിയാറ് കോടി മുപ്പത്തി അഞ്ച് ലക്ഷം രൂപ ) യും ബഡ്ജറ്റ് വിഹിതമായി 4.50 കോടി രൂപ (നാല് കോടി അൻപത് ലക്ഷം രൂപ ) യും ലഭിച്ചു.<br>അനുവദിച്ചുകിട്ടിയ തുകയിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും ചെലവുകൾ ചുരുക്കിയും പ്രോഗ്രാമുകൾക്ക് മുൻഗണന നിശ്ചയിച്ചും എസ്.എസ്.എ.യുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ എല്ലാം ചിട്ടയോടെ നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | എസ്.എസ്.എ.യുടെ കേന്ദ്ര വിഹിതം പുനസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) | എസ്.എസ്.എ.യ്ക്ക് കേന്ദ്രവിഹിതമായി കിട്ടേണ്ട തുക പൂർണമായും ലഭിക്കുന്നതിന് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന് കത്തുകൾ നൽകുകയും എം.എച്ച്.ആർ.ഡി. നടത്തുന്ന റിവ്യൂ മീറ്റിംഗുകളിൽ ഈപ്രശ്നം ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട് . സംസ്ഥാനത്തിന്റെ ഈ പ്രശ്നം പരിഹരിക്കുന്നതിന് ബഹു: മുഖ്യമന്ത്രി കേന്ദ്രമാനവവിഭവശേഷി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| സി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എസ്.എ മുഖേന നടപ്പിലാക്കുന്ന നൂതന വിദ്യാഭ്യാസ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | സി | 1. മലയാളത്തിളക്കം- എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന 2 മുതൽ 7വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഭാഷാപരമായ കഴിവുകൾ വളർത്തുന്ന പരിപാടിയാണ്.<br><br>2. ഗണിതവിജയം- അധ്യാപകർക്ക് ഗണിതത്തിന്റെ പഠനപ്രയാസം പരിഹരിക്കുന്നതിനുള്ള പിന്തുണാപ്രക്രിയയെക്കുറിച്ചുള്ള കൃത്യമായ ധാരണ വളർത്തുന്നതിനും നമ്മുടെ ചുറ്റുപാടുകളെയും സവിശേഷമായി നിർമ്മിക്കുന്ന പഠനോപകരണങ്ങളെയും സമർത്ഥമായി ഉപയോഗിച്ച് കുട്ടികളുടെ ഗണിതബോധന ശേഷികൾ വർധിപ്പിക്കുന്നതിനും സഹായകമാക്കുന്ന പദ്ധതിയാണിത്.<br><br>3. ഹലോഇംഗ്ലീഷ്- ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ പറയാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നതിനായി എൽ.പി., യു.പി. ക്ലാസുകളിൽ നടപ്പിലാക്കിയ പദ്ധതിയാണിത്.<br><br>4. ടാലന്റ് ലാബ്- കുട്ടികളുടെ വിവിധങ്ങളായ സർഗവാസനകളെ പരിപോഷിപ്പിക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് ആരംഭിച്ച പദ്ധതിയാണ്.<br><br>5. ക്ലാസ് ലൈബ്രറി- കുട്ടികളിലെ വായന പരിപോഷിപ്പിക്കുന്നതിനായും ഒന്നാന്തരം വായനക്കാരെ സൃഷ്ടിക്കുന്നതിനുമായി എല്ലാ സ്കൂളുകളിലെയും 1-ാം ക്ലാസിലെ എല്ലാ ഡിവിഷനുകളിലും ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നതിന് 1000/- രൂപ (ആയിരം രൂപ ) വീതം ഓരോ ഡിവിഷനു നൽകിയ പദ്ധതിയാണിത്.<br><br>6. പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ- പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവരും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുമായ കുട്ടികൾ കൂടുതലുള്ള വിദ്യാലയത്തെ കേന്ദ്രീകരിച്ച് കുട്ടികളുടെ പാഠ്യേതര കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പഠനപ്രയാസങ്ങൾ പരിഹരിക്കുന്നതിനുമായി ആരംഭിച്ച കേന്ദ്രങ്ങളാണിത്.<br>7. അധ്യാപക പഠനകൂട്ടായ്മകൾ- പാഠ്യപദ്ധതി നിർവ്വഹണം ഗവേഷണാത്മകമായി ഏറ്റെടുക്കാൻ സന്നദ്ധതയുള്ള അധ്യാപക പഠനകൂട്ടായ്മകൾ ബി.ആർ.സിതലത്തിൽ രൂപീകരിച്ചിട്ടു്. അന്വേഷണാത്മകവും സന്നദ്ധ പ്രവർത്തനവും മികവുകളുടെ വ്യാപനവും ഇതുവഴി ത്വരിതപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. വിഷയ ബന്ധിതമായി പ്രതിമാസ ആസൂത്രണം, പഠനോപകരണനിർമാണം,ഐ.സി.ടി സാധ്യതകളുടെ പ്രയോഗം, ലഘുജേർണൽ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കൂട്ടായ്മയിൽ നടത്തിയിട്ടുണ്ട് |

8. ജൈവവൈവിധ്യ ഉദ്യാനം- പ്രകൃതിയിൽ നിന്ന് അനുഭവങ്ങളിലൂടെ പഠിക്കുകയെന്ന ഊന്നൽ നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്.

കൂടാതെ

9. ക്ലാസ് ഗണിതലാബ്

10. ശാസ്ത്രലാബ്

11. ശാസ്ത്രോത്സവം

12.ഗണിതോത്സവം

13. ശാസ്ത്രപഠനയാത്രകൾ

14. വിദ്യാലയ കൂട്ടുചേരൽ പരിപാടി

15.സാമൂഹിക ഉൾച്ചേർക്കൽ പരിപാടി

16. രക്ഷാകർതൃ പരിശീലനപരിപാടി

17. അക്കാദമിക്മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

18. പഠനനേട്ടം പ്രസിദ്ധപ്പെടുത്തൽ

19. ആദിവാസി മേഖലയിലുള്ള കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. എന്നിവ എസ്.എസ്.എ നടപ്പാക്കിയ മറ്റ് പരിപാടികളാണ്.

20. മലപ്പുറത്ത് നിലമ്പൂർ, ഇടുക്കിയിലെ മറയൂർ എന്നിവിടങ്ങളിൽ ആദിവാസികുട്ടികൾക്ക് താമസസൗകര്യം ഒരുക്കിക്കൊണ്ട് പഠനസഹായങ്ങൾ നൽകുന്നതിന് പഠനവീടുകൾ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ